**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2019** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേരള ഫീഡ്സ് ലിമിറ്റഡിനെ ലാഭകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ അസംസ്കൃത സാധനങ്ങൾ വിലകുറച്ച് വാങ്ങുന്നതിനും പർച്ചേസിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സമഗ്രവും ശാസ്ത്രീയവുമായ പർച്ചേയ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കേരള ഫീഡ്സ് ലിമിറ്റഡ്, കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ 95 ശതമാനവും കേരളത്തിനു പുറത്തു നിന്നാണ് ലഭിക്കുന്നത്. ഈ അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ കാർഷിക ഉൽപന്നങ്ങളോ ഉപോൽപന്നങ്ങളോ ആണ്. ആയതു കൊണ്ട് കാലാനുസൃതമായും, കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസരിച്ചും, ഇറക്കുമതി, കയറ്റുമതിനയം, സർക്കാർ നിയന്ത്രണങ്ങൾ മുതലായവയെ ആശ്രയിച്ചാണ് അസംസ്കൃത വസ്തുക്കളുടെ വില നിർണ്ണയിക്കപ്പെടുന്നത്. മാനേജിംഗ് ഡയറക്ടർ ചെയർമാനായും, പർച്ചേസ് , ഫിനാൻസ്, ക്വാളിറ്റി കൺട്രോൾ, പ്രൊഡക്ഷൻ, മെറ്റീരിയൽസ്, മാർക്കറ്റിംഗ്, ഇ.ഡി.പി, കമ്പനി അഫയേഴ്സ് യൂണിറ്റ് തലവന്മാരും, വകുപ്പ് മേധാവികളും ഉൾപ്പെട്ട ഒരു പർച്ചേസ് കമ്മിറ്റി കമ്പനിയിൽ രൂപീകരിച്ചിട്ടുണ്ട്. കമ്പനി അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനായി കേരള ഗവൺമെന്റിന്റെ ഇ-ടെൻഡർ പോർട്ടൽ വഴിയാണ് ഇ-ടെൻഡർ കം ഇ-ഓക്ഷൻ പ്രസിദ്ധീകരിക്കുന്നത്. ഇതു കൂടാതെ NCDFI (നാഷണൽ കോ ഓപ്പറേറ്റീവ് ഡയറി ഫെഡറേഷൻ ഓഫ് ഇന്ത്യ) വഴിയും ഇ-ഓക്ഷൻ നടത്തുന്നു.<br><br>ഇ-ടെൻഡർ കഴിഞ്ഞതിനുശേഷം ഇ-ഓക്ഷൻ (ഇ-ലേലം) ആരംഭിക്കുന്നു . കേരള ടെൻഡറിന്റെയും NCDFI യുടെയും ഇ- ടെൻഡർ നിരക്കുകൾ താരതമ്യം ചെയ്ത് ഒരു പട്ടിക തയ്യാറാക്കുന്നു. വിശദമായ ചർച്ചകൾ പർച്ചേസ് കമ്മിറ്റി നടത്തിയതിനു ശേഷം കുറഞ്ഞ നിരക്ക് നൽകിയ വിതരണക്കാർക്ക് പർച്ചേസ് ഉത്തരവ് നൽകുന്നു. അസംസ്കൃത വസ്തുക്കളുടെ വില കമ്പനിയുടെ ലാഭക്ഷമതയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ ശരിയായ സമയത്ത് ഏറ്റവും മികച്ചതും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | വാങ്ങുകയെന്നതാണ് കമ്പനിയുടെ സുപ്രധാന ലക്ഷ്യം. |
| (ബി) | സ്ഥാപനത്തിലെ ട്രാൻസ്പോർട്ടിംഗ് ടെണ്ടർ അടിസ്ഥാനത്തിൽ നൽകിയും വെയ്സ്റ്റേജ് പരമാവധി ഒഴിവാക്കിയും റിട്ടയർ ചെയ്ത ഒഴുവുകളിലേക്ക് നിയമനങ്ങൾ നടത്തിയും പ്രസ്തുത സ്ഥാപനത്തെ ലാഭകരമാക്കികൊണ്ട് സ്വകാര്യ കാലിത്തീറ്റസ്ഥാപനങ്ങളേക്കാൾ വിലകുറഞ്ഞതും ഗുണമേന്മ ഉറപ്പുവരുത്തിയതുമായ കാലിത്തീറ്റ നല്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ മുഖേന ടെൻഡർ ക്ഷണിച്ചുകൊണ്ടാണ് കാലിത്തീറ്റ വിതരണത്തിനുള്ള ഏജൻസിയെ കമ്പനി നിശ്ചയിക്കുന്നത്. തികച്ചും സുതാര്യമായ പ്രസ്തുത ടെൻഡർ നടപടി വഴി പരമാവധി കുറഞ്ഞ നിരക്കിനാണ് ട്രാൻസ്പോർട്ടിങ് കോൺട്രാക്ട് നൽകിയിട്ടുള്ളത്. കമ്പനിയുടെ സൊസൈറ്റി ഡീലേഴ്സിനും സ്വകാര്യ ഡീലർമാർക്കും വിവിധ ഗവൺമെൻറ് ഏജൻസികൾക്കും, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിനും സമയാനുസൃതം കാലിത്തീറ്റ എത്തിച്ചു നൽകാൻ പ്രസ്തുത ട്രാൻസ്പോർട്ട് കോൺട്രാക്ട് മുഖേന കമ്പനിക്ക് സാധിക്കുന്നു. കമ്പനിയുടെ സ്ഥിര തസ്തികകളിൽ ഒഴിവുള്ളവ നികത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു.<br><br>ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ പിന്തുടരുക വഴി ഉൽപ്പാദന നഷ്ടം (Production Loss) പരമാവധി കുറയ്ക്കുന്നതിനുള്ള സാധ്യമായ എല്ലാ ശ്രമങ്ങളും കമ്പനി കൈക്കൊള്ളുന്നുണ്ട് .<br><br>അസംസ്കൃത പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധനവിനിടയിലും ഗുണമേന്മയുള്ള കാലിത്തീറ്റ പരമാവധി വിലകുറച്ച് ക്ഷീരകർഷകർക്ക് ലഭ്യമാക്കണം എന്ന സർക്കാർ നയത്തിനനുസൃതമായി പ്രവർത്തിക്കുന്നതിനാലാണ് നഷ്ടം സഹിച്ചും പരമാവധി കുറഞ്ഞ വിലക്ക് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ